**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 312** **12-10-2026-ൽ മറുപടിയ്ക്ക്**

**പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ എൻജിനീയർ, ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല നിയോജകമണ്ഡലത്തിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ എൽ.എസ്.ജി.ഡി. വിഭാഗത്തിലെ എൻജിനീയർ വിഭാഗത്തിൽ ഒരു തസ്തികയും ഓവർസീയർ വിഭാഗത്തിൽ രണ്ട് തസ്തികകളും ആറുമാസത്തിലധികമായി ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവിലേക്ക് നിയമനം നൽകിയിട്ടുണ്ട്.

ഫസ്റ്റ്ഗ്രേഡ് ഓവർസീയർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന വ്യക്തി അസിസ്റ്റന്റ് എഞ്ചിനീയറായി പ്രൊമോഷൻ ആയതുമൂലവും, സെക്കന്റ് ഗ്രേഡ് ഓവർസിയറായി ജോലി ചെയ്തിരുന്ന വ്യക്തി വിരമിച്ചതുമൂലവും ഉണ്ടായ ഒഴിവുകളാണ് നിലവിലുണ്ടായിരുന്നത്.

പി.എസ്.സി. യിൽ നിന്നും നിയമന ശിപാർശ ലഭിച്ചതിനാൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / സെക്കൻ്റ് ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിലെ ഒഴിവിൽ നിയമനം നടത്തിയിട്ടുണ്ട്.

**(ബി)** പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ വികസന നിർമ്മാണ പ്രവൃത്തികളുടെ സാങ്കേതിക പരിശോധന, എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർവ്വഹണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** സംസ്ഥാനത്ത് എൽ.എസ്.ജി.ഡി. വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തസ്തികകളിൽ ജില്ല തിരിച്ച് നിലവിൽ എത്ര ഒഴിവുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 09.10.2026-ലെ നിലയനുസരിച്ചുള്ള വിവരങ്ങൾ താഴെക്കൊടുക്കുന്നു.

<u>അസിസ്റ്റന്റ് എഞ്ചിനീയർ - 64</u>

കോട്ടയം - 7 , പത്തനംതിട്ട - 2 , ഇടുക്കി - 5 , ആലപ്പുഴ - 5 , എറണാകുളം - 2 , തൃശ്ശൂർ - 2, പാലക്കാട് - 9 , വയനാട് - 3 , കോഴിക്കോട് - 10 , കണ്ണൂർ - 12, കാസറഗോഡ് - 7.

<u>ഓവർസിയർ ഗ്രേഡ് I -61</u>

തിരുവനന്തപുരം - 6 , കൊല്ലം - 1, പത്തനംതിട്ട - 5, ആലപ്പുഴ -4, കോട്ടയം - 5, ഇടുക്കി -6, എറണാകുളം - 6, തൃശ്ശൂർ - 1, പാലക്കാട് - 4 , മലപ്പുറം - 6, കോഴിക്കോട് - 6, വയനാട് - 1, കണ്ണൂർ - 8, കാസറഗോഡ് - 2.

<u>ഓവർസിയർ ഗ്രേഡ് - II-105</u>

തിരുവനന്തപുരം - 3, കൊല്ലം - 6, പത്തനംതിട്ട -4, ആലപ്പുഴ - 3, കോട്ടയം -9, ഇടുക്കി - 15, എറണാകുളം - 25, തൃശ്ശൂർ - 2, പാലക്കാട് -15, മലപ്പുറം - 6, കോഴിക്കോട് - 11 , വയനാട് -1, കണ്ണൂർ - 3, കാസറഗോഡ് -2.

<u>ഓവർസിയർ ഗ്രേഡ് III-212</u>

തിരുവനന്തപുരം -2, കൊല്ലം -9, പത്തനംതിട്ട- 9, ആലപ്പുഴ-12, കോട്ടയം - 20, ഇടുക്കി - 19, എറണാകുളം - 35, തൃശ്ശൂർ - 26, പാലക്കാട് -14, മലപ്പുറം - 36, കോഴിക്കോട് - 7 , വയനാട് - 0, കണ്ണൂർ - 11, കാസറഗോഡ് - 12.

**(ഡി)** പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പോകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ഉണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകളിൽ പി.എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടവ പി.എസ്.സി മുഖേനയും, ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ടവ അപ്രകാരവും നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ അസിസ്റ്റൻറ് എഞ്ചിനീയർ തസ്തികയിലേക്കും, സെക്കൻഡ് ഗ്രേഡ് ഓവർസിയർ തസ്തികയിലേക്കും നിയമനം നൽകിയിട്ടുണ്ട്.

പി.എസ്.സി. യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്കോ, യോഗ്യരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയോ അല്ലെങ്കിൽ അർഹരായ ജീവനക്കാരെ സ്ഥലംമാറ്റി നിയമിച്ചോ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലെ ഒഴിവ് അടിയന്തിരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**